17817
8/11/16

# കേരള സർക്കാർ
# ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

## പരിപത്രം

നം.ഉപ.സി.3/262/2016-ഉഭപവ                                        തിരുവനന്തപുരം, തീയതി 05.11.2016

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച്.

വിവിധ വകുപ്പുകളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ അടിയന്തരമായി നികത്തുന്നതിനു വേണ്ടി പി.എസ്.സി.റാങ്ക് പട്ടിക നിലവിലുള്ളതും എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതുമായ തസ്തികകൾ സംബന്ധിച്ച് നിലവിലുള്ള ഒഴിവുകൾ എല്ലാം തന്നെ ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാർ/നിയമനാധികാരികൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഒഴിവുകളുടെ എണ്ണം തരംതിരിച്ച് കണക്കാക്കി സമയബന്ധിതമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നത് അതാത് വകുപ്പുകളുടെ അദ്ധ്യക്ഷന്മാരും സർക്കാരിലെ വകുപ്പ് സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതാണ്. പി.എസ്.സി.മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ടു ചെയ്യുന്ന ഒഴിവുകളുടെ പുരോഗതി ഓരോ മാസവും വിലയിരുത്തുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി എല്ലാ വകുപ്പദ്ധ്യക്ഷന്മാരും/വകുപ്പുസെക്രട്ടറിമാരും തങ്ങളുടെ വകുപ്പിൽ ഓരോ മാസവും (1-ാം തീയതി മുതൽ 30-ാം തീയതി വരെ) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ തസ്തിക തിരിച്ച് സമാഹൃത വിശദാംശങ്ങൾ താഴെക്കൊടുത്തിരിക്കുന്ന പ്രൊഫോർമയിൽ, ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന് തൊട്ടടുത്ത മാസം 10-ാം തീയതിക്കു മുമ്പായി reportvacancies@kerala.gov.in എന്ന ഇ-മെയിൽ ID യിലേയ്ക്ക് മെയിൽ ചെയ്യേണ്ടതും പകർപ്പ് തപാൽ മുഖേന ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

.............................. മാസം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിവരം

| ക്രമ നമ്പർ | തസ്തികയുടെ പേര് | ഒരു മാസം ഉണ്ടായ ഒഴിവുകളുടെ എണ്ണം | ഒരു മാസം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം | റിപ്പോർട്ട് ചെയ്ത തീയതി |
|---|---|---|---|---|
| -1 | -2 | -3 | -4 | -5 |
| | | | | |

ഈ സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന്റെ മേൽനോട്ടം സെക്രട്ടേറിയറ്റിൽ ഭരണ വകുപ്പിലെ പാർലമെന്റ് സെക്ഷനുകൾക്കായിരിക്കും. എല്ലാ വകുപ്പദ്ധ്യക്ഷൻമാരും ഹെഡ്ക്വാർട്ടേഴ്സിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഇക്കാര്യത്തിനുള്ള നോഡൽ ഓഫീസറായി നിയമിച്ച് അവരുടെ മൊബൈൽ ഫോൺ നമ്പർ അടക്കമുള്ള വിവരങ്ങൾ ഭരണ വകുപ്പിനെയും പി&എആർഡി(ഉപദേശ-സി) വകുപ്പിനേയും അറിയിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് ചീഫ് സെക്രട്ടറി തലത്തിൽ ഓരോ മാസവും അവലോകനം ചെയ്യുന്നതും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്. 2016 ഒക്ടോബർ 31 വരെ റിപ്പോർട്ടു ചെയ്ത ഒഴിവുകളുടെ വിശദാംശങ്ങൾ മുകളിൽ കാണിച്ചിട്ടുള്ള പ്രൊഫോർമയിൽ 2016 നവംബർ 20-ാം തീയതിക്കു മുമ്പായി ലഭ്യമാക്കേണ്ടതാണ്.

**എസ്.എം.വിജയാനന്ദ്**
***ചീഫ് സെക്രട്ടറി***

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ
സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും
അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
പൊതുഭരണ(എസ്.സി) വകുപ്പ്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 02-11-2016.**

ഇനം നം: 437

O.A.

വിഷയം : ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - വിവിധ വകുപ്പുകളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ - പി.എസ്.സി. മുഖേനയുള്ള നിയമനം - ത്വരിതപ്പെടുത്തുന്നത്.

തീരുമാനം : വിവിധ വകുപ്പുകളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ അടിയന്തിരമായി നികത്തുന്ന കാര്യം മന്ത്രിസഭ ചർച്ച ചെയ്തു. പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ളതും എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതുമായ തസ്തികകൾ സംബന്ധിച്ച് നിലവിലുള്ള ഒഴിവുകൾ എല്ലാംതന്നെ ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാർ/നിയമനാധികാരികൾ അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഒഴിവുകളുടെ എണ്ണം തരംതിരിച്ച് കണക്കാക്കി സമയബന്ധിതമായി റിപ്പോർട്ട് ചെയ്യപ്പെടുന്നത് അതാത് വകുപ്പുകളുടെ അദ്ധ്യക്ഷന്മാരും സർക്കാരിലെ വകുപ്പ് സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതാണ്. ഈ റിപ്പോർട്ടുകൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ക്രോഡീകരിച്ച് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. ഓരോ മാസവും ഇത് അവലോകനം ചെയ്ത് മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ADMINISTRATIVE REFORMS DEPT. 980499 04 NOV 2016 SECRETARIAT, TVPM.

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.